**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1830** **20-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ നിയമനങ്ങളിലെ ഭിന്നശേഷി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് നാല് ശതമാനം സംവരണം അനുവദിച്ചുകൊണ്ടുള്ള 31.10.2019-ലെ സ.ഉ. നം.12/2019/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; | (എ) | 4% ഭിന്നശേഷി സംവരണം നിലവിൽ ഔട്ട് ഓഫ് ടേൺ ആയി പബ്ലിക് സർവ്വീസ് കമ്മീഷൻ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് നാല് ശതമാനം സംവരണം അനുവദിക്കുന്നതിനും ആയതിനനുസൃതമായി കെ.എസ്.&എസ്.എസ്.ആർ-ൽ ഭേദഗതി വരുത്തുന്നതിനും സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ; | (ബി) | 31.10.2019-ലെ സ.ഉ. 12/2019/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി സംവരണത്തിന് നിശ്ചയിച്ച ടേണുകൾ KS&SSR പ്രകാരമുള്ള സാമുദായിക സംവരണ ചട്ടങ്ങൾക്ക് വിരുദ്ധമായതിനാലും പ്രസ്തുത ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാലും പബ്ലിക് സർവ്വീസ് കമ്മീഷൻ 3% ഭിന്നശേഷി സംവരണം നടപ്പിലാക്കിയ രീതിയിൽ ഔട്ട് ഓഫ് ടേൺ ആയാണ് 4% ഭിന്നശേഷി സംവരണം നിലവിൽ നടപ്പിലാക്കി വരുന്നത്.<br><br>ഭിന്നശേഷി വിഭാഗങ്ങൾക്ക് ഹൊറിസോണ്ടലായി സംവരണം നടപ്പിലാക്കുന്നതിനുള്ള പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം KS&SSR-ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ചുമുള്ള വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | ഒരു സമുദായത്തിന്റെയും സംവരണ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്താതെ നാല്പ ശതമാനം ഭിന്നശേഷിസംവരണം ഉറപ്പാക്കാൻ നാളിതുവരെ സർക്കാർ സ്വീകരിച്ച തുടർനടപടികൾ രേഖകളുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ; | (സി) | പബ്ലിക് സർവ്വീസ് കമ്മീഷൻ 3% ഭിന്നശേഷി സംവരണം നടപ്പിലാക്കിയ രീതിയിൽ ഔട്ട് ഓഫ് ടേൺ ആയാണ് 4% ഭിന്നശേഷി സംവരണം നിലവിൽ നടപ്പിലാക്കി വരുന്നത്.<br><br>സാമുദായിക സംവരണം KS&SSR അനുശാസിക്കും പ്രകാരം പാലിക്കപ്പെടുന്നുണ്ട്. എന്നാൽ ഭിന്നശേഷി സംവരണം ഔട്ട് ഓഫ് |

| | | | |
|---|---|---|---|
| | | | ടേണായാണ് നടപ്പിലാക്കി വരുന്നത്. ആയത് ഈ വിഷയം സംബന്ധിച്ചുള്ള സുപ്രീം കോടതി വിധിക്ക് വിധേയമായി ഹൊറിസോണ്ടലായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.01.2024-ന് ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കിയ പൊതുനിർദ്ദേശം സംബന്ധിച്ച കരട് 25.01.2024-ൽ പി.എസ്.സി.യുടെ അഭിപ്രായം തേടുന്നതിനായി അയച്ചിരിക്കുകയാണ്. പി.എസ്.സി.യുടെ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ നിന്നും മറുപടി ലഭ്യമാവുന്ന മുറയ്ക്ക് പകർപ്പ് ലഭ്യമാക്കാവുന്നതാണ്. |
| (ഡി) | ആയത് പരിഹരിക്കുന്നതിന് നാളിതുവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; സംവരണ സമുദായങ്ങളുടെ നഷ്ടം നികത്തുന്നതിനുതകുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ; | (ഡി) | പബ്ലിക് സർവ്വീസ് കമ്മീഷൻ 3% ഭിന്നശേഷി സംവരണം നടപ്പിലാക്കിയ രീതിയിൽ ഔട്ട് ഓഫ് ടേൺ ആയാണ് 4% ഭിന്നശേഷി സംവരണം നിലവിൽ നടപ്പിലാക്കി വരുന്നത്.<br><br>സാമുദായിക സംവരണം KS&SSR അനുശാസിക്കും പ്രകാരം പാലിക്കപ്പെടുന്നുണ്ട്. എന്നാൽ ഭിന്നശേഷി സംവരണം ഔട്ട് ഓഫ് ടേണായാണ് നടപ്പിലാക്കി വരുന്നത്. ആയത് ഈ വിഷയം സംബന്ധിച്ചുള്ള സുപ്രീം കോടതി വിധിക്ക് വിധേയമായി ഹൊറിസോണ്ടലായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.01.2024-ന് ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കിയ പൊതുനിർദ്ദേശം സംബന്ധിച്ച കരട് 25.01.2024-ൽ പി.എസ്.സി.യുടെ അഭിപ്രായം തേടുന്നതിനായി അയച്ചിരിക്കുകയാണ്. പി.എസ്.സി.യുടെ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ നിന്നും മറുപടി ലഭ്യമാവുന്ന മുറയ്ക്ക് പകർപ്പ് ലഭ്യമാക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | നിയമനങ്ങളിലെ ഭിന്നശേഷി സംവരണം ഹോറിസോണ്ടൽ രീതിയിലാണ് നടപ്പിലാക്കേണ്ടതെന്ന ഇന്ദ്രാ സാഹ്നി Vs യൂണിയൻ ഓഫ് ഇൻഡ്യാ കേസിലെ സുപ്രീം കോടതി വിധിക്കനുസൃതമായാണോ സംസ്ഥാനത്തെ നിയമനങ്ങളിൽ സംവരണം അനുവദിക്കുന്നതെന്ന് വിശദമാക്കാമോ; | (ഇ) | ബഹു. സുപ്രീംകോടതി വിധിക്കനുസൃതമായി ഭിന്നശേഷിസംവരണം ഹൊറിസോണ്ടൽ രീതിയിൽ നടപ്പിലാക്കുന്നതിനാവശ്യമായ പൊതുനിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ച് വരികയാണ്. |
| (എഫ്) | ഔട്ട് ഓഫ് ടേൺ ആയി ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നത് സംവരണ സമുദായങ്ങൾക്കും പൊതുവിഭാഗത്തിനും ഒരേപോലെ നഷ്ടം സംഭവിക്കുന്നതിനും ഭിന്നശേഷി വിഭാഗങ്ങൾക്കുൾപ്പെടെ ആകെ സംവരണം 50 ശതമാനത്തിൽ കവിയുന്ന സാഹചര്യം ഉടലെടുക്കുന്നതും സർക്കാറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? | (എഫ്) | ഭിന്നശേഷിസംവരണം ഹൊറിസോണ്ടൽ രീതിയിൽ നടപ്പിലാക്കുന്നതിനാവശ്യമായ പൊതുനിർദ്ദേശം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ